॥ ദുർഗ്ഗോപാസന മണ്ഡലി ॥



|| ദുർഗ്ഗോപാസന മണ്ഡലി ||

||ദുർഗ്ഗോപാസന മണ്ഡലി||


കുറച്ചു വർഷമായി കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിച്ചു വരുന്ന സാധക കൂട്ടായ്മ ആകുന്നു ദുർഗ്ഗോപാസന മണ്ഡലി. വാമകൗള തന്ത്രശാസ്ത്രത്തെ കുറിച്ചുള്ള ആധികാരികമായ പഠനവും ഗവേഷണവും ആകുന്നു ദുർഗ്ഗോപാസന മണ്ഡലിയുടെ ലക്ഷ്യം. കേരളത്തിലെ നാശോന്മുഖമായി കിടക്കുന്ന ശാക്തേയ കാവുകൾ പുനരുദ്ധരിച്ചു കൊണ്ട് തറവാടുകളിൽ പാരമ്പര്യ ശാക്തേയ മാർഗ്ഗവും താന്ത്രിക ആരാധനയുടെ പരമ ലക്ഷ്യവും സനാതന വിശ്വാസികളിലേക്ക് ശാസ്ത്രീയമായി എത്തിക്കാനുള്ള ഒരു കൂട്ടം സാധകരുടെ കൂട്ടായ്മ കൂടി ആകുന്നു ദുർഗ്ഗോപാസന മണ്ഡലി.


||കൗള തന്ത്ര സമ്പ്രദായം||


1. ആനന്ദ ഭൈരവ സമ്പ്രദായം
2. ഊർദ്ധ്വാമ്നായ ക്രമം
3. സൃഷ്ടി സ്ഥിതി സംഹാര തത്വം
4. വാമ കൗള തന്ത്ര ക്രമം
5. നവാമ്നായ പദ്ധതി

||ഗുരു പരമ്പര||

1. ശ്രീ വിമലാനന്ദ നാഥർ
2. ശ്രീ ആത്മാനന്ദ നാഥർ
3. ശ്രീ പ്രകാശാനന്ദ നാഥർ
4. ശ്രീ ഗുഹാനന്ദ നാഥർ
5. ശ്രീ ചിദാനന്ദ നാഥർ
6. ശ്രീ അനന്താനന്ദ നാഥർ
7. ശ്രീ ഹംസാംബ
8. ശ്രീ കാളീശാനന്ദ നാഥ







||മംഗളാചരണം||

ദീക്ഷാമൂലം ജഗത്സർവം ദീക്ഷാമൂലം പരം തപഃ
ദിവ്യം ജ്ഞാനം യതോ ദദ്യാത് കുര്യാത്പാപസ്യ
സംക്ഷയം||
(രുദ്രയാമളം)

അർത്ഥം:

സർവ്വ ചരാചരങ്ങളിലും കുടികൊള്ളുകയും സകല തപസ്വിന്റെ മൂലവും ദിവ്യമായ ജ്ഞാനം ലഭിക്കുന്നതുമായ സർവ്വ പാപത്തെ നശിപ്പിക്കുന്നത് ആണ് ദീക്ഷ.

||ആചാര്യവചനം||

'അനേകജന്മപുണ്യോഘൈർദീക്ഷിതോ ജായതേ നരഃ'

അർത്ഥം:

അനേകം ജന്മത്തിലൂടെ ലഭിക്കുന്ന പുണ്യത്തിന്റെ ഫലമാണ് ഒരു വ്യക്തിക്ക് ഇഹജന്മത്തിൽ ഉത്തമനായ ഒരു ഗുരുവിൽ നിന്നും ലഭിക്കുന്ന മന്ത്രദീക്ഷ. ജനന മരണ ചാക്രിക പ്രവർത്തനത്തിലൂടെ ഉഴലുന്ന ആത്മാവിൽ അഥവാ മനുഷ്യ ജന്മത്തിൽ മൂന്നു തരത്തിൽ ഉള്ള കർമ്മങ്ങളിലൂടെ കടന്നു പോകുമ്പോൾ ഉണ്ടാവുന്ന അജ്ഞാനമാകുന്നു ഈ മലത്രയം എന്ന് പറയുന്നത്.

ആണവമലം:

ആണവം എന്നാൽ അണുവിനെ അഥവാ ജീവനെ സംബന്ധിച്ചത് എന്നർത്ഥം. ഓരോ ജീവനും ഉണ്ടാകുന്ന; താൻ അപൂർണ്ണൻ ആണന്നുള്ള ബോധമാകുന്നു ആണവ മലം. ഈ മലത്തിന്റെ സാന്നിധ്യമാണ് പൂർണനായ ശിവനെ അപൂർണനായ ജീവൻ ആക്കുന്നത്. ശിവന്റെ ശക്തികളായ ഇച്ഛാ ജ്ഞാന ക്രിയാശക്തികളിൽ ഇച്ഛാ ശക്തി സങ്കോചിച്ചാണ് ആണവ മലം ഉണ്ടാകുന്നത്.

മായിയമലം:

മായ കാരണം ഉണ്ടാകുന്ന മലമാണ് മായിയമലം. മായയാണ് ഭേദജ്ഞാനം ഉണ്ടാക്കുന്നത്. അതായത് ഞാനും ഈ പ്രപഞ്ചവും ഭിന്നമാണെന്ന ബോധമുണ്ടാക്കുന്നത് മായയാണ്. ശിവന്റെ ജ്ഞാനശക്തിയുടെ സങ്കോചമാണ് മായിയമലം.

കർമ്മമലം:

കർമത്തിൽ നിന്നും ഉണ്ടാകുന്നതാണ് കർമ്മമലം. പ്രവൃത്തിമൂലം ഒരാളിൽ ഉണ്ടാകുന്ന ശുഭാശുഭവാസനകൾ കർമങ്ങൾ പുണ്യ പാപങ്ങൾ എന്ന തോന്നൽ അവശേഷിപ്പിക്കുന്നു. ശിവന്റെ ക്രിയാശക്തിയുടെ മൂലമാണ്. പുണ്യപാപബോധത്തോടു കൂടിയ വാസനാജന്യമായ മലമാണ് കർമമലം. ഇത് ശിവന്റെ ക്രിയാ ശക്തിയുടെ സങ്കോചം കൊണ്ടാകുന്നു ഉണ്ടാകുന്നത്

ഗുരു തന്റെ ശിഷ്യന്റെ ഉള്ളിൽ ഇറങ്ങി ചെന്ന് ശിഷ്യനിൽ ബാധിച്ചിരിക്കുന്ന ഈ മലത്രയങ്ങളെ തന്റെ തപഃശക്തികൊണ്ട് ശുദ്ധീകരിക്കുന്നു. ഈ ശുദ്ധീകരണം കൊണ്ട് ശിഷ്യൻ തന്റെ ജന്മാർജ്ജിതമായ ദുരിതങ്ങളിൽ നിന്നും എന്നെന്നേക്കുമായി നിവൃത്തി അടയുന്നു എന്നതിനാൽ ആണ് ഗുരുരേവ ജഗത് സർവ്വം എന്ന് ശിഷ്യൻ ജപിക്കുന്നതിന്റെ രഹസ്യവും. ദീക്ഷ എന്നത് കേവലം മന്ത്രം പറഞ്ഞു തരുന്ന ഒരു ചടങ്ങ് അല്ല. മറിച്ചു ജന്മാന്തരങ്ങളിൽ ഉള്ള പാപത്തെ ദുരീകരിച്ചു ശിഷ്യനെ ആത്മീയപാതയിലേക്ക് എത്തിക്കുന്ന മഹത്തായ ചടങ്ങ് ആകുന്നു ദീക്ഷ. ആധുനിക സമൂഹത്തിൽ ഗുരു എന്നത് കേവലം വിദ്യ പറഞ്ഞു തരുന്ന ഒരാൾ എന്ന അവസ്ഥയിലേക്ക് കണ്ടു തുടങ്ങിയപ്പോൾ നല്ല ശിഷ്യർ ഇല്ലാതായി. അതിന്റെ ഫലമായി സമ്പ്രദായങ്ങളുടെ പ്രതാപം നഷ്ടപ്പെടാനും തുടങ്ങി.

||തന്ത്ര ശാസ്ത്രം||

മനുഷ്യൻ താൻ ആരെന്നുള്ള ചോദ്യം ചോദിച്ച മുതൽ തന്നെ തന്ത്ര ശാസ്ത്രത്തിന്റെ ഉത്ഭവവും തുടങ്ങി എന്ന് പറയാം. അവന്റെ മുന്നിൽ കാണുന്ന ഈ വിശ്വ പ്രപഞ്ചത്തെ അറിയാൻ ശ്രമിച്ചതിന്റെ ഫലമാണ് താന്ത്രികതയുടെ അടിത്തറ പാകിയത്. എന്നെ അറിയാൻ എന്നിലേക്ക് തന്നെ മടങ്ങുക എന്ന ആത്യന്തിക സത്യം മനസിലാക്കിയ മനുഷ്യൻ തന്റെ സ്വത്തയെ തേടി ഉള്ള യാത്രയും ആ യാത്രയിൽ കണ്ടെത്തിയ സത്യങ്ങളും ആണ് തന്ത്ര ശാസ്ത്രത്തിന്റെ പ്രമാണങ്ങൾ. അത് കൊണ്ടു തന്നെ മനുഷ്യന്റെ ഏതൊരു ഈശ്വര ആരാധനയും തന്ത്ര ശാസ്ത്രത്തിന്റെ ഭാഗങ്ങൾ ആണ് എന്ന് അസനിഗ്ദ്ധം പറയാൻ സാധിക്കുന്നത്. കുറെ സത്യങ്ങൾ ഉണ്ടാവുമ്പോൾ ഏതു പിന്തുടരണം എന്ന് സ്വാഭാവികമായ മനുഷ്യ വാസന വീണ്ടും അവനെ ആഴത്തിൽ ചിന്തിപ്പിച്ചു. ഞാൻ ഈ ലോകത്തിൽ പരിമിതനാണെന്നും ആ പരിമിതി ഏതോ ഒരു കാരണത്താൽ എന്നെ അശക്തൻ ആക്കുന്നുണ്ടെന്നു മനസിലാക്കിയ മനുഷ്യൻ കണ്ടെത്തി അവനു വലിയ ഒരു രോഗം ഉണ്ടെന്നു അങ്ങനെ ആ രോഗം എന്താണന്നു അതിന്റെ നിവൃത്തി എന്താണെന്നും ചിന്തിച്ചു ആ ചിന്തയുടെ അവസാനത്തിൽ അവർ തിരിച്ചറിഞ്ഞു ഈ രോഗം മാറണമെങ്കിൽ ഈ രോഗം അന്വേഷിച്ചു മുൻപേ പോയേ വ്യക്തിയുടെ സഹായം വേണമെന്ന്. അപ്രകാരം മുന്നേ പോയേ വ്യക്തി ആണ് 'ഗുരു' (വൈദ്യൻ)ആ രോഗത്തിന്റെ പേര് 'ഭവരോഗം' എന്നും. ഈ ലോകത്തെ കുറിച്ചുള്ള രോഗം എന്നർത്ഥം.

'ആനന്ദമാനന്ദകരം പ്രസന്നം
ജ്ഞാന സ്വരൂപം നിജബോധ രൂപം
യോഗേന്ദ്രമീഢ്യം ഭവ രോഗ വൈദ്യം
ശ്രീമദ് ഗുരും നിത്യമഹം നമാമി'

ഇപ്രകാരം ചിന്തിച്ച മനുഷ്യൻ അവന്റെ ചിന്തകളുടെ വ്യാപ്തി കൂട്ടുംന്തോറും അർത്ഥങ്ങളുടെ വ്യക്തതയ്ക്കായി വീണ്ടും അന്വേഷിച്ചു. ആ അന്വേഷണം എത്തിയത് എല്ലാവർക്കും ഒരേ അസുഖമല്ല അതിനാൽ അസുഖം അറിഞ്ഞു മരുന്ന് കൊടുത്താലേ അല്ലെങ്കിൽ രോഗത്തിന്റെ കാഠിന്യം അറിഞ്ഞു ശക്തിയുക്തമായി മരുന്ന് നൽകാൻ തീരുമാനിച്ചു. അങ്ങനെ മനുഷ്യൻ ശരീരത്തിന്റെ ചില ഭാഗങ്ങളിൽ മനസിനെ നിർത്തി ധ്യാനം ചെയ്യാൻ തുടങ്ങി. അങ്ങനെ വ്യത്യസ്ത മനുഷ്യന് വ്യത്യസ്ത രൂപത്തിൽ വ്യത്യസ്ത ഭാവത്തിൽ വ്യത്യസ്ത ധ്വനിയിൽ ഈശ്വരാരാധന ചെയ്യാൻ തുടങ്ങി. അങ്ങനെ വ്യത്യസ്ത അനുഭവങ്ങൾ ഉണ്ടാവുകയും ആ അനുഭവങ്ങൾ ഓരോന്നും ഓരോ ഈശ്വര സങ്കൽപ്പങ്ങൾ ആകുകയും ചെയ്തു. ഒരേ ഈശ്വരന്റെ സത്തയെ പലതായി കണ്ടു. 'ഏകോഹം ബഹുസ്യാം' എന്ന് തന്ത്ര ശാസ്ത്രം പറയുന്നത് ഇതിനെ ആകുന്നു.

ഇപ്രകാരം ആകുന്നു ശക്തമതത്തിന്റെ അഥവാ താന്ത്രികാരാധനയുടെ തുടക്കം. ഭാരതത്തിന്റെ ഏറ്റവും പ്രാചീനമായ ആരാധന സമ്പ്രദായങ്ങൾ തന്ത്ര ശാസ്ത്രം ആണെന്നതിൽ തർക്കമില്ല. ഈയിടെ നടന്ന ഖനനങ്ങൾ എല്ലാം നിസ്തർക്കം പറയുന്നു താന്ത്രികതയുടെ ആഴവും പഴക്കവും. കണ്ടെത്തിയ രൂപങ്ങളിൽ ഏറ്റവും പഴക്കം ചെന്ന ആരാധന ചിഹ്നം ലിംഗ യോനി സങ്കൽപ്പങ്ങൾ ആകുന്നു. അവനവനിൽ ഉറങ്ങി കിടക്കുന്ന ബോധത്തെ ഉണർത്താൻ ആകുന്നു തന്ത്രശാസ്ത്രം ഉദ്ഘോഷിക്കുന്നത്.

'തനോതി വിപുലാൻ അർത്ഥാൻ
തത്വ മന്ത്ര സമന്വിതാൻ
ത്രാണം ച കുരുതേ യസ്മാദ്
തന്ത്രമിത്യഭി ധീയതേ'

തന്റെ ഉള്ളിലെ ബോധത്തെ ഉണർത്തി സ്വയം ഭൈരവ ഭാവം പൂണ്ടു സഹ ശങ്കരി ആയ മൂലതത്വത്തെ പുണർന്നു കൊണ്ട് താനും അതിൽ ലയിക്കുക എന്ന നിർവൃതിയാകുന്നു തന്ത്ര ശാസ്ത്രത്തിന്റെ ആത്യന്തിക ലക്ഷ്യം.

ശക്തി ഉപാസനയുടെ രഹസ്യം മനുഷ്യകുലത്തിനു നൽകിയത് സാക്ഷാൽ മഹാദേവൻ ആണന്നാണ് വിശ്വാസം. ആലങ്കാരിക ഭാഷ ആണ് ഇത്. എല്ലാ തന്ത്ര ശാസ്ത്രവും ഭൈരവ ഭൈരവി സംവാദ രൂപേണ ആകുന്നു രചിക്കപ്പെട്ടിട്ടുള്ളത്.

പ്രപഞ്ച രഹസ്യം പരമശിവൻ പാർവതിക്ക് ഉപദേശിച്ചു കൊടുക്കുമ്പോൾ മകര മത്സ്യത്തിന്റെ അകത്തു അകപ്പെട്ട കുട്ടി ഇത് ശ്രവിക്കുകയും മത്സ്യത്തിന്റെ പുറത്തു വന്നു ഋഷിയായി മാറുകയും ചെയ്തു. ആ ഋഷി ആകുന്നു മത്സ്യേന്ദ്ര നാഥ്. ആ രഹസ്യം തന്റെ ശിഷ്യൻ ആയ ഗോരക്ഷാനന്ദ നാഥന് ഉപദേശിക്കുകയും ഗോരക്ഷാനന്ദനാഥ് ആ തന്ത്ര രഹസ്യം ലോകത്തു പ്രചരിപ്പിക്കുകയും ചെയ്തു .

||കൗള ഗുരു||

'ന പാദുകാ പരോ മന്ത്രോ ന ദേവാ: ശ്രീഗുരോ പര:
ന ഹി ശാക്താത് പരാ ദീക്ഷാ ന പുണ്യം കുലപൂജനാത്.
ധ്യാനമൂലം ഗുരോർമൂർത്തി പൂജാമൂലം ഗുരോ പദം
മന്ത്രമൂലം ഗുരോർ വാക്യം മോക്ഷമൂലം ഗുരോ കൃപാ.'

ശ്രീ പാദുകത്തെക്കാൾ ശ്രേഷ്ഠമായൊരു മന്ത്രമില്ല. ശ്രീ ഗുരുവിനെക്കാൾ ശ്രേഷ്ഠനായൊരു ദേവനില്ല. ശാക്തത്തേക്കാൾ ശ്രേഷ്ഠമായൊരു ദീക്ഷയില്ല. കുലപൂജയേക്കാൾ ശ്രേഷ്ഠമായൊരു പുണ്യവുമില്ല. ഗുരുവിന്റെ രൂപമാണ് ധ്യാനത്തിന് മൂലം. ഗുരുവിന്റെ കാലടികൾ ആണ് പൂജയ്ക്ക് കാരണം. ഗുരുവിന്റെ വാക്കുകളാണ് മന്ത്രത്തിന്നു മൂലം. ഗുരുവിന്റെ കൃപയാണ് മോക്ഷത്തിന് മൂലം. ഗുരു എന്നാൽ കേവലം ശരീരം അല്ല. അനേകായിരം ഗുരുക്കന്മാരുടെ പ്രത്യക്ഷ രൂപമാണ്. അതിനാൽ തന്നെ ഗുരുവിന്റെ വേഷം, ഭൂഷണം, ഭാഷ, വസ്ത്രം എന്നിവയിൽ വിലയിരുത്തരുത്. മാത്രവുമല്ല ഗുരുവിന്റെ ബാഹ്യമായ ഒന്നിനെയും വിലയിരുത്തുവാനും പാടില്ല. ഗുരുവിന്റെ ഉള്ളിൽ നിറഞ്ഞു നിൽക്കുന്ന പരമ്പരയുടെ ആത്മീയ ചൈതന്യത്തെ ആണ് നമ്മൾ നമിക്കുന്നത്.

'ന ചോരഹാര്യം ന ച രാജഹാര്യം
ന ഭ്രാതൃഭാജ്യം നതു ഭാരകാരി|
വ്യയേ കൃതേ വർദ്ധത ഏവ നിത്യം
വിദ്യാധനം സർവ്വധനപ്രധാനം||'

അർത്ഥം :

കള്ളന്മാർക്ക് മോഷ്ടിക്കാൻ സാധിക്കാത്തതും, ഭരണകൂടത്തിന് കണ്ട് കെട്ടാൻ കഴിയാത്തതും, സഹോദരന് പങ്കിടേണ്ടാത്തതും, തീരെ ഭാരമില്ലാത്തതും, കൊടുക്കുന്തോറും ഏറിവരുന്നതുമായ വിദ്യയാകുന്ന ധനം മറ്റെല്ലാ ധനത്തിനും കാരണഭൂതമാകുന്നു. ഏതൊരു അറിവാണോ മനുഷ്യനെ പൂർണ്ണനാക്കുന്നത് അതാണ് ബ്രഹ്മജ്ഞാനം. അതിന്റെ ആർജ്ജനത്തിനായി ജിജ്ഞാസു ഗുരുവിനെ കണ്ടെത്തുന്നു. ഗുരുവിനെ ശിഷ്യൻ പരബ്രഹ്മസ്വരൂപമായിത്തന്നെയാണ് കണ്ടിരുന്നത്. സർവ്വദേവതാ സങ്കല്പവും ഗുരുവിൽ ലയിച്ചുനിൽക്കുന്നു എന്നാണ് താന്ത്രിക മതം 'സകല ദേവതാ രൂപീണം'

||ദീക്ഷാ ചടങ്ങ്||

ദീയതേ ജ്ഞാനസംബന്ധഃ ക്ഷീയതേ ച മലത്രയം|
ദീയതേ ക്ഷീയതേ യേന സാ ദീക്ഷേതി നിഗദ്യതേ||
(ശൈവാചാരപ്രദീപിക)

അർത്ഥം:

'ദീ' എന്ന പദം ജ്ഞാനത്തെ സൂചിപ്പിക്കുന്നതാകുന്നു. 'ക്ഷ' എന്ന പദം മലത്രയങ്ങളെ ദുരീകരിക്കുന്നത് എന്നും അർത്ഥം. അപ്രകാരം ദീ എന്നും ക്ഷ എന്ന പദം കൊണ്ട് ദീക്ഷ എന്ന് പറയുന്നു. ദീക്ഷ സാധകന്റെ ആണവാദി മലത്രയങ്ങളെ നീക്കി സാധകനെ ദേവതയോളം ഉയരാൻ പ്രാപ്തനാക്കുന്നു.

||സമന്ത്ര അമന്ത്ര ദീക്ഷ||

ദിവ്യഭാവത്തെ ദാനം ചെയ്യുന്നതും പാപത്തെ ക്ഷയിപ്പിക്കുന്നതുമാണ് ' ദീക്ഷ'. ഈ ദീക്ഷയിലൂടെ മാത്രമേ ഒരാൾ ശരിയായ കൗളനായിത്തീരുകയുള്ളു. മന്ത്ര ദീക്ഷയിൽ രണ്ടു വിധത്തിൽ ഉള്ള ദീക്ഷകൾ ഉണ്ട്. അമന്ത്രദീക്ഷ എന്നും സമന്ത്രദീക്ഷ എന്നും പറയും.
മന്ത്രം ഉപദേശിക്കാതെ കേവലം സ്ഥാനാരോഹണം എന്ന നിലയിൽ മാത്രം നടത്തപ്പെടുന്നതാണ് 'അമന്ത്രദീക്ഷ'. ശാക്തേയ തറവാടുകളിൽ ദീക്ഷിതർ ഇല്ലെങ്കിൽ വർഷത്തിൽ പൂജകളും മറ്റും ചെയ്യാനായി താത്കാലികമായി ദീക്ഷിതൻ ആകുന്ന ചടങ്ങ് ഉണ്ട്. അപ്രകാരം ഉള്ള ദീക്ഷയെ ആണ് അമന്ത്ര ദീക്ഷ എന്ന് പറയുന്നത്. ഉപാസനാദേവതയുടെ മന്ത്രം ഉപദേശിക്കുന്നതാണ് 'സമന്ത്രദീക്ഷ'. കൗളദീക്ഷ എന്നത് സമന്ത്രദീക്ഷ ആകുന്നു. ഇത് ശാക്തീ, ശാംഭവി, മാന്ത്രി എന്നീങ്ങനെ മൂന്നുവിധത്തിലുണ്ട്. ഗുരു സ്വന്തം പ്രാണശക്തിയെ ശിഷ്യനിലേക്ക് സംക്രമിപ്പിച്ച് പ്രതിഷ്ഠിക്കുന്ന വിധത്തിലാണ് ഇത്. അതായത് ഒരു ആചാര്യൻ എപ്രകാരമാണോ ക്ഷേത്രത്തിലെ ശിലാവിഗ്രഹത്തിൽ ദേവനെ പ്രതിഷ്ഠിക്കുന്നത് അതേപോലെ സ്വതഃ ചൈതന്യമുള്ള ശിഷ്യന്റെ ശരീരക്ഷേത്രത്തിൽ ഗുരു സ്വന്തം തപശ്ചതന്യത്തെ നിവേശിപ്പിക്കുകയാണ്. അതിനാൽ കൗളസമ്പ്രദായത്തിൽ ദീക്ഷ എന്നത് അനിവാര്യമാണ്. അത്തരത്തിൽ ദീക്ഷിതനായ ഒരു വ്യക്തിക്ക് മാത്രമേ കുലരഹസ്യം ഉപദേശിക്കാവൂ.

||ശാക്താഭിഷേകം||

ഒരു സാധകൻ കൗള മാർഗ്ഗ തല്പരനായി ഗുരുവിന്റെ മുൻപിൽ പോകുമ്പോൾ ഗുരു സാമ്പ്രദയ പ്രകാരമുള്ള ജ്ഞാനാഗ്നി വലത് നാസാരന്ധ്രാത്തിലൂടെ സന്നിവേശിപ്പിച്ചു ശിഷ്യനിൽ മൂടി നിൽക്കുന്ന അജ്ഞാനത്തിന്റെ മറ നീക്കി പഞ്ച കലകൾ ന്യസിച്ചു പഞ്ച ഭൂതാത്മകമായ ശരീരത്തെയും പഞ്ച ഭൂത തത്വമായ പഞ്ചേന്ദ്രിയങ്ങളെയും ശുദ്ധീകരിച്ചു ഷോഡശ കലകളാൽ നാഡി ശോധനയും ചെയ്തു ഗുരു മുദ്രയും, ഗുരു മന്ത്രവും, ദീക്ഷയും സ്വീകരിക്കാൻ ശിഷ്യനെ പ്രാപ്തനാക്കാൻ ചെയുന്ന അതി രഹസ്യമായ മന്ത്ര കലശം ആണ് ശാക്താഭിഷേകം.
ജനന മരണ ചാക്രിക പ്രവർത്തനത്തിന്റെ ചലനാത്മക ശക്തിയായി വർത്തിച്ച സാധകന്റെ ആത്മാവിന്റെ ശുദ്ധീകരണം ആണ് ഇവിടെ നടത്തപെടുന്നത്. കാളികുല അധിഷ്ഠാത്രിയായ ഷോഡശ തിഥി നിത്യകൾ ആകുന്ന കാളി, കപാലിനി, കുല്ല, കുരുകുല്ല തുടങ്ങി പതിനഞ്ചു നിത്യകളുടെ മന്ത്രങ്ങൾ, ഏകാക്ഷരി തൊട്ട് മഹാ വിദ്യാ രാഞ്ജി വരെ ഉള്ള രഹസ്യ മന്ത്രങ്ങൾ ഷോഡന്യാസം, ലഘു ഷോഡന്യാസം, മഹാ ഷോഡന്യാസം തുടങ്ങിയ മന്ത്രങ്ങൾ സ്വ ഗുരു, പരമ ഗുരു, പരമേഷ്ഠി ഗുരു മന്ത്രങ്ങൾ അടങ്ങിയ ഈ ദിവ്യ കലശം ഗുരു തന്റെ ശിഷ്യനിൽ സന്നിവേശിപ്പിക്കുമ്പോൾ ശിഷ്യൻ ജന്മാന്തരത്തിൽ ചെയ്ത പാപങ്ങൾ നീങ്ങി ഗുരു മുഖത്ത് നിന്നും വിദ്യകൾ അഭ്യസിക്കാനുള്ള അർഹത നേടി കഴിയുന്നു. ശേഷം ശിഷ്യന് മന്ത്രോപദേശം ചെയ്യുന്നു.

NB: (നിലവിൽ ഇന്ന് വളരെ ചുരുക്കം ചില സംപ്രദായങ്ങളിൽ മാത്രമേ നില നിൽക്കുന്നുള്ളു ഭാരതത്തിൽ തന്നെ ശാക്ത അഭിഷേകം ചെയ്യുന്നത് അതിനാൽ ദീക്ഷ വാങ്ങേണ്ടത് ഇത്തരത്തിൽ ഉള്ള സംപ്രദായ ജ്ഞാനം ഉള്ള ഗുരുവിൽ നിന്നാകണം)

||കൗള ദീക്ഷകൾ||

ശ്രീ വിദ്യാ മാർഗത്തിലെ എട്ടു ദീക്ഷ വിധികൾ (അറുപതിനാലാന്നും, നൂറ്റിയെട്ട് എന്നും അഭിപ്രായം ഉണ്ട്. കൂടാതെ പരാ ദീക്ഷ പോലെ രഹസ്യമായ ദീക്ഷകൾ വേറെയും).
എന്നാലും പൊതുവെ എട്ടു പ്രധാനപ്പെട്ട ദീക്ഷ വിധി ആകുന്നു തന്ത്രം പറയുന്നത്.

1. സ്പർശ ദീക്ഷ
2. ദൃഗ് ദീക്ഷ
3. വേധ ദീക്ഷ
4. ക്രിയാ ദീക്ഷ
5. വർണ്ണ ദീക്ഷ
6. കലാ ദീക്ഷ
7. ശാംഭവി ദീക്ഷ
8. വാക് ദീക്ഷ

പൊതുവെ ഇന്ന് കണ്ടു വരുന്നത് സ്പർശ, വാക്, ദൃഗ്, ദീക്ഷ ആകുന്നു. ഗുരുക്കന്മാർ ആചരിക്കുന്നതും ഇതു തന്നെ. താന്ത്രിക പ്രമാണം അനുസരിച്ചു ഓരോ ദീക്ഷ വിധികളും പ്രത്യേകം പ്രത്യേകം പറയുന്നു. ഗുരു ഭക്തിയാൽ ശിഷ്യന് കിട്ടുന്ന ആത്മീയമായ ഊർജ്ജമാകുന്നു ദീക്ഷ. ആ ദീക്ഷയിലൂടെ ചരിച്ചു കൊണ്ട് പരമ പദം പൂകുക എന്നതാകുന്നു ശിഷ്യ ലക്ഷ്യം.

||മന്ത്രം||

മന്ത്ര ശാസ്ത്രം അഥവാ മന്ത്രത്തിന്റെ പ്രയോഗം; മന്ത്രം എന്താണ്... എന്തിനു വേണ്ടി... എന്താണ് ലാഭം... ഇത് സ്വാഭാവികമായി എല്ലാവർക്കും ഉള്ള സംശയങ്ങൾ ആകുന്നു... ഇതിനുത്തരമായിട്ടു മന്ത്ര ശാസ്ത്രത്തിലെ മന്ത്ര ശബ്ദത്തിന്റെ അർത്ഥങ്ങൾ മനസിലാക്കേണ്ടത് അത്യാവശ്യമാണ്. ഈ വിഷയം യഥാർത്ഥത്തിൽ ബൗദ്ധീകമല്ല. മന്ത്ര ശാസ്ത്രം ഒരു മനഃശാസ്ത്രമാണ്. മനസിന്റെ ഏകാഗ്രത ആകുന്നു ഇതിനു ആധാരം. ഇന്ദ്രിയങ്ങളെ വിഷയാസക്തിയിൽ നിന്നും അകറ്റി മനസിനെ ഏകാഗ്രമാക്കി സാധന ചെയ്താൽ മാത്രമേ മന്ത്ര സിദ്ധി ലഭിക്കുകയുള്ളു. മനസ്സിനെ എത്രത്തോളം ഏകാഗ്രമാകുന്നുവോ അത്രത്തോളം മന്ത്ര സിദ്ധി ലഭിക്കുന്നതാണ്. മന്ത്ര തത്വത്തിന്റെ ശബ്ദ അർത്ഥങ്ങളെ പറ്റി ഋഷിവര്യന്മാർ നമുക്ക് നൽകിയ ഉപദേശങ്ങൾ ഇങ്ങനെ ആണ്...
'മനനാത് ത്രായതേ യസ്മാത തസ്മാൻ മന്ത്ര പ്രകീർത്തിത'

അർത്ഥം:

'മ' കാരം എന്ന അക്ഷരം മനസിനെയും 'ത്ര' അക്ഷരം രക്ഷയെയും സൂചിപ്പിക്കുന്നു. കൂടാതെ കാര്യ സിദ്ധിയും മന്ത്രത്തെ സൂചിപ്പിക്കുന്നു. മന്ത്രം വിദ്യയുടെ പരമാവസ്ഥ ആകുന്നു. മന്ത്രത്തെ മനനം ചെയ്യുമ്പോൾ നമ്മുടെ ഉള്ളിൽ ഒരു ജ്യോതി പ്രകടമാകുന്നു. ആ ചൈതന്യ സ്വരൂപങ്ങളാകുന്ന വർണ്ണങ്ങളെ ആകുന്നു മന്ത്രം എന്ന് വിളിക്കുന്നത്. ഇങ്ങനെ മനനം ചെയ്തു കൊണ്ട് നമുക്ക് മന്ത്ര സിദ്ധികൾ നേടാവുന്നതാണ്. അത് തന്നെ ആധുനിക ശാസ്ത്രങ്ങളും മന്ത്ര ശബ്ദത്തെ അർത്ഥമാക്കുന്നത്. മന്ത്രം വളരെ രഹസ്യാത്മകത വേണ്ട ഒരു സാധന പദ്ധതി ആകുന്നു. ഒരു രാജാവ് രാജ നീതികളും രാജ്യ രഹസ്യവും എപ്രകാരമാണോ രഹസ്യമായി വയ്ക്കുന്നത് അപ്രകാരം സാധകൻ മന്ത്രത്തെ വളരെ സൂക്ഷ്മമായും രഹസ്യമായും കൈകാര്യം ചെയ്യേണ്ട വിഷയം ആകുന്നു. മനസിന്റെ ശുദ്ധിയും മന്ത്ര ശാസ്ത്രവുമായി വളരെ ഏറെ ബന്ധമുണ്ട്. എത്രത്തോളം മനസിനെ വിഷയങ്ങളിൽ കൊണ്ട് പോകുന്നുവോ അത്രത്തോളം മന്ത്രം നമ്മളിൽ നിന്ന് അകന്നു പോകുന്നു. അത് പോലെ എപ്രകാരമാണോ മനസിനെ വിഷയത്തിൽ നിന്ന് പിൻവലിക്കുന്നുവോ അത്രത്തോളം മന്ത്രം നമ്മളിൽ താദാത്മ്യം പ്രാപിക്കും. അത് കൊണ്ടാണു ശാസ്ത്രം പറയുന്നത് എന്തെങ്കിലും കാര്യ സാധ്യത്തിനു വേണ്ടി മന്ത്രം ജപിക്കരുത് എന്ന്. അങ്ങനെ ജപിച്ചാൽ മനസ് ആഗ്രഹങ്ങളിൽ പോകുകയും ഏകാഗ്രത ഇല്ലാതാവുകയും മന്ത്ര സിദ്ധി കിട്ടാതെ വരുകയും ചെയ്യുന്നു. അത് കൊണ്ട് പെട്ടന്ന് മന്ത്ര സിദ്ധി

ലഭിക്കണമെങ്കിൽ ആഗ്രഹങ്ങളോട് കൂടി ജപം ചെയ്യരുത്. ഈ മന്ത്ര ശാസ്ത്രം വളരെ രഹസ്യമാണ് (പരസ്യമാണ്). അത് കൊണ്ട് മന്ത്ര ശാസ്ത്രം അഭ്യസിക്കുക എന്നത് അത്ര ലളിതമല്ല. മന്ത്ര പ്രാപ്തി വളരെ വിഷമം പിടിച്ച ഒരു ശാസ്ത്രമാണ്. ഈ പ്രകാരം മന്ത്ര ശാസ്ത്ര വിഷയം വളരെ ആഴത്തിലുള്ളവയാണ്. ഇത് സാധാരണക്കാരന് മനസിലാക്കാൻ ബുദ്ധിമുട്ടുള്ളതാകുന്നു മന്ത്ര ശാസ്ത്രം ഇപ്രകാരം പറയുന്നു...

'യേ തദ് ഗോപ്യം മഹാ ഗോപ്യം ന ദേയം യസ്യ കശ്ചിദ് ॥'

ഇത് രഹസ്യമാണ്. വളരെ വലിയ രഹസ്യമാകുന്നു. ഇത് ആർക്കും കൊടുക്കരുത്...

(യോഗ്യതമുള്ളവർക്കു കൊടുക്കുക എന്നർത്ഥം)

॥കാളികുലം॥

ഭാരതീയ തന്ത്ര ശാസ്ത്രത്തിൽ അനവധി ആചാര ഭേദങ്ങൾ ഉണ്ടെങ്കിലും പ്രധാനമായി മൂന്നു ആചാര ഭേദങ്ങൾ ആണ് പറയുന്നത് അവ കാളികുലം, ശ്രീ കുലം, താരാ കുലം എന്നിവ ആകുന്നു. കാളി കുലം എന്നാൽ കാളി അധിഷ്ഠിത മന്ത്ര ജപ ഹോമ ധ്യാന വർണ്ണങ്ങൾ വിദ്യ ആകുന്നു. ഇവയെ ശാക്തേയം (ചില ഗ്രന്ഥങ്ങൾ ഈ വിദ്യയെ ശാക്തേയം) എന്ന് വിളിക്കുന്നു.

കാളികുലത്തിൽ തന്നെ പിന്നെയും ആചാര ഭേദങ്ങൾ ഉള്ളതായി കാണുന്നു. കാളി തന്ത്ര പ്രകാരം അവയെ ഇപ്രകാരം തിരിച്ചിരിക്കുന്നു:

കാദി, ഹാദി, സാദി, ക്രോധാദി, വാഗാദി, നാദി, ദാദി, പ്രണവാദി ക്രമങ്ങൾ എന്നിവ ആകുന്നു.

ഇപ്രകാരമുള്ള കാളി കുലത്തിൽ ദീക്ഷ ക്രമം ആദ്യ കാളി അഥവാ ഏകാക്ഷരി കാളി മുതൽ ആകുന്നു. മഹാകാള ഭൈരവന്റെ ഇടതു തുടയിൽ ഇരിക്കുന്ന സ്വരൂപമായിട്ടാണ് ധ്യാനം പറയുന്നത്. കാളികുല ദീക്ഷ പ്രകരണം ഇപ്രകാരം ആകുന്നു.

ചിന്താമണി കാളി, സ്പർശമണി കാളി, സന്തതിപ്രദ കാളി, സിദ്ധിത കാളി, ദക്ഷിണ കാളി, കാമകലാ കാളി, ഹംസ കാളി, ഗുഹ്യ കാളി. (കാളി തന്ത്ര 13.67)

ഇപ്രകാരം പടി പടിയായി മന്ത്ര പുരശ്ചരണാദികൾ കഴിഞ്ഞു കാളി മേധാ ദീക്ഷ എന്ന വിശേഷമാർന്ന ഒരു ദീക്ഷ ഉണ്ട്. ശ്രീ കുലത്തിൽ പറയുന്ന അതി ദീക്ഷയ്ക് തുല്യമായ ദീക്ഷ ആകുന്നു കാളി കുലത്തിൽ മേധാ ദീക്ഷ എന്നത്.

॥ശ്രീ ക്രമം॥

ശാക്ത ധർമ്മത്തിലെ മൂന്നാമത്തെ മഹാവിദ്യയാണ് ശ്രീവിദ്യ. ഇന്ന് ലോകത്ത് ഏറ്റവും പ്രചാരത്തിലുള്ള ശാക്ത തന്ത്രമാണ് ശ്രീവിദ്യ തന്ത്രം. ശ്രീ ലളിതാ മഹാത്രിപുരസുന്ദരിയെ അഥവാ ശ്രീഷോഡശി ദേവതയെ അടിസ്ഥാന ദേവതയായി ഉപാസിക്കുന്ന വളരെ പ്രസിദ്ധമായ ഉപാസനാ പദ്ധതിയാണ് ശ്രീവിദ്യ ഉപാസന.

ശിവനിൽ നിന്ന് ദേവിയിലേക്കും, ദേവിയിൽ നിന്ന് നന്ദിയിലേക്കും, നന്ദിയിൽ നിന്ന് ബ്രഹ്മാവിലേക്കും, ബ്രഹ്മാവിൽ നിന്ന് ഋഷിമാരിലേക്കും, ഋഷിമാരിൽ നിന്ന് മനുഷ്യരിലേക്കും പകർന്നു വന്ന സാധനാ മാർഗമാണിത്.

മനുശ്ചന്ദ്രഃ കുബേരശ്ച ലോപമുദ്രാ ച മന്മഥഃ അഗസ്തിരഗ്നിഃ സൂര്യശ്ച ഇന്ദ്രഃ സ്കന്ദഃ ശിവസ്തഥാ ക്രോധഭട്ടാരകോ ദേവ്യാ ദ്വാദശാമീ ഉപാസകഃ എന്ന ശ്ലോക പ്രകാരവും ലളിതോപാഖ്യാനത്തിലെ മഹേശമാധവ വിധാതൃമന്മഥ സ്കന്ദനന്ദീന്ദ്രമനു ചന്ദ്രകുബേരാഗസ്ത്യ ദുർവാര ക്രോധഭട്ടാരക വിദ്യാത്മികേ കല്യാണ തത്ത്വത്രയരൂപേ എന്ന സഹസ്രാക്ഷരവിദ്യാ മന്ത്ര പ്രകാരവും ശ്രീവിദ്യോപാസന 15 തരത്തിലുണ്ട്.

നിർഗുണമായ ബ്രഹ്മത്തിലുള്ള ബ്രഹ്മശക്തിയെ ത്രിഗുണാത്മികമായി ഉപാസിക്കുന്ന വിധാനമാണ് ശ്രീവിദ്യ ഉപാസന. ഇവിടെ നിർഗുണ ബ്രഹ്മത്തിൽ ഗുണാരോപണം നടത്താതെ ത്രിഗുണാത്മികയും അതിനാൽതന്നെ നിഗ്രഹാനുഗ്രാദി പ്രഭാവമുള്ള ആ ഏക ശക്തിയായി ശ്രീ ലളിതാ മഹാത്രിപുരസുന്ദരിയെ സങ്കൽപ്പിച്ച് ഉപാസിക്കുന്നു. ഇത്തരത്തിൽ ഉപാസിക്കുമ്പോൾ ആ ദേവിയെ 5 വിധത്തിൽ രൂപാരോപണം ചെയ്യാം. അവ

1. സ്ഥൂലം, കര ചരണ അംഗം 2. സൂക്ഷ്മംമന്ത്രമയം 3. സൂക്ഷ്മതരംകാമാകലാരൂപം, 4. സൂക്ഷ്മതമംകുണ്ഡലിനീരൂപം 5. ശുദ്ധബ്രഹ്മരൂപം എന്നിങ്ങനെയാണ്.

സ്ഥൂലരൂപത്തിൽ ദേവിയെ കര ചരണ അംഗങ്ങളോടു കൂടി ആരാധിക്കുന്നു. സ്ഥൂലരൂപ വർണ്ണനയിൽ ദേവിയെ ചതുർബാഹുസമന്വിതയായാണ് ഉപാസിക്കുന്നത്. ഇടതു വശത്തെ പിന്നിലെ കൈയ്യിൽ പാശം എന്ന ആയുധവും, വലതു വശത്തെ പിന്നിലെ കൈയ്യിൽ ആങ്കുശവും, ഇടതു വശത്തെ മുന്നിലെ കൈയ്യിൽ ഇക്ഷുകോദണ്ഡം അഥവാ കരിമ്പുവില്ലും, മുന്നിലെ വലത്തെ കൈയ്യിൽ അമ്പുകളുമായിയുള്ള രൂപത്തിൽ ആരാധിക്കുന്നു.

മന്ത്രരൂപമായ സൂക്ഷ്മരൂപത്തിൽ ശ്രീവിദ്യാമന്ത്രം എന്ന് പ്രസിദ്ധമായ പഞ്ചദശാക്ഷരീ മന്ത്രം ദേവിയുടെ ശരീരത്തെ 15 ബീജാക്ഷരങ്ങൾ കൊണ്ട് സൂചിപ്പിക്കുന്നു. ഇതിലെ ആദ്യ 5 അക്ഷരങ്ങൾക്ക് വാഗ്ഭവകൂടം എന്നും അടുത്ത 6 അക്ഷരങ്ങൾ മദ്ധ്യകൂടം എന്നും അവസാന 4 അക്ഷരങ്ങൾ ശക്തി കൂടം എന്നും വിഭജിച്ച് പറയാറുണ്ട്. ഇതിൽ വാഗ്ഭവകൂടം ദേവിയുടെ മന്ത്രശരീരത്തിന്റെ മുഖമായും, മദ്ധ്യകൂടത്തെ കഴുത്തിനു താഴെ കടി പ്രദേശം വരെയുള്ള ഭാഗമായും, ശക്തി കൂടത്തെ കടിപ്രദേശം മുതൽ പാദം വരെയുള്ള ഭാഗമായും കണക്കാക്കുന്നു. അതുപോലെ ഷോഡശി മന്ത്രം കൊണ്ടും ദേവിയെ ഉപാസിക്കാം. കൂടുതൽ വിവരങ്ങൾ ഗുരുമുഖത്തിൽ നിന്ന് അറിയുന്നതാണ് ഉത്തമം.

സൂക്ഷ്മതരരൂപം എന്ന കാമാകലാരൂപം വളരെ അധികം വിവരിക്കേണ്ട ഒന്നാണ്. പക്ഷേ ഇവിടെ വളരെ ചുരുക്കി വിവരിക്കാൻ ശ്രമിക്കുകയാണ്. കാമകലാരൂപം മുഴുവൻ മനസ്സിലാക്കാൻ സൃഷ്ടി സിദ്ധാന്തം മനസ്സിലാക്കിയാൽ മാത്രമേ കഴിയൂ. വാഗ്ഭവകൂടം, മദ്ധ്യകൂടം, ശക്തികൂടം എന്നിവ കൂടിചേർന്ന കൂടത്രയമായ പഞ്ചദശാക്ഷരീ മന്ത്രം കാമകലാരൂപം എന്ന പേരിൽ അറിയപ്പെടുന്നു. ഇതിൽ കൂടത്രയം കാമകലാക്ഷരത്തിന്റെ മൂന്നവയവങ്ങളെ കുറിക്കുന്നു. കാമകലക്ക് ഒരു ഊർദ്ധ്വബിന്ദുവും അതിനു താഴെ വിലങ്ങനെ രണ്ട് ബിന്ദുക്കളും ചേർന്ന് മൂന്ന് അവയവങ്ങളാണ്. ഇവയാണ് ജഗത് സൃഷ്ടീക്ക് കാരണഭൂതമായവ. ജഗത്തിനെ സൃഷ്ടിക്കാൻ ഇച്ഛയോടുകൂടിയ ഈശ്വരനാണ് കാമേശ്വരൻ അതുപോലെ ഈശ്വരിയാണ് കാമേശ്വരി.
ശിവശക്തി സംയോഗം കാമകലാരൂപത്തിലാണ് സംഭവിക്കുന്നത്. അതായത് കാമേശ്വര കാമേശ്വരി സംയോഗമാണ് ജഗത് സൃഷ്ടിക്ക് കാരണം. ശക്തിയുടെ ഏറ്റവും ഉയർന്ന ഭാവമാണിത്. ഈ ഭാവത്തിലുള്ള ഈശ്വരിയെ മഹാത്രിപുരസുന്ദരി എന്നോ ബിന്ദുത്രയ സമഷ്ടി ദിവ്യാക്ഷര രൂപിണി എന്നോ അറിയപ്പെടുന്നു. കാമകലാരഹസ്യം ഒന്നുകൂടി വ്യക്തമാക്കുകയാണെങ്കിൽ നേരത്തെ പറഞ്ഞ മൂന്ന് ബിന്ദുക്കൾ ഈശ്വരൻ, ജഗത്, ജീവൻ എന്നിവയെ കുറിക്കുന്നു. മൂന്നിനും അധിഷ്ഠാനമായ ശുദ്ധചൈതന്യം പഞ്ചദശീമന്ത്രത്തിന്റെ മൂന്ന് കൂടങ്ങളായി ഭവിക്കുന്നു. ഇവയാണ് ത്രിഗുണാത്മികയും നിഗ്രഹാനുഗ്രാദി പ്രഭാവമുള്ള ആ ഏക ശക്തിയായ ശ്രീ ലളിതാ മഹാത്രിപുരസുന്ദരി.

നേരത്തേ സൂചിപ്പിച്ച രൂപങ്ങളെല്ലാം അഖിലബ്രഹ്മാണ്ഡങ്ങളിലും വ്യാപിച്ചിരിക്കുന്നവയാണ്. എന്നാൽ സൂക്ഷ്മതമരൂപത്തിൽ ശരീരാന്തർഗതമായ കുണ്ഡലിശക്തിയെ പരബ്രഹ്മ ശക്തിയായി ഉപാസിക്കുന്നു. പിണ്ഡാണ്ഡമായ ശരീരത്തിലെ സൂക്ഷ്മനാഡിയുടെ കീഴറ്റത്തായി സ്ഥിതിചെയ്യുന്ന മൂലാധാരത്രികോണത്തിൽ മിന്നൽകോടിപോലെ പ്രകാശിക്കുന്ന രൂപത്തിൽ മൂന്നരചുറ്റായി സ്ഥിതിചെയ്യുന്ന കുണ്ഡലിനി ശക്തിയെ യോഗമാർഗങ്ങളിലൂടെയും ചില സാധനാമാർഗങ്ങളിലൂടെയും ഉണർത്തി ഷഡാധാരങ്ങളെയും ഭേദിച്ച് ചിച്ചന്ദ്രമണ്ഡലമായ സഹസ്രാരപദ്മത്തിന്റെ മദ്ധ്യത്തിൽ സ്ഥിതി ചെയ്യുന്ന അകുളകുണ്ഡലിനിയോടു ചേർക്കുന്ന ഒരു സാധനാ മാർഗം കൂടി ശ്രീവിദ്യാ ഉപാസനയിൽ ഉണ്ട്. ഇത് കൗളം എന്ന പേരിൽ അറിയപ്പെടുന്നു.

॥കാശ്മീർ ക്രമകാളി സമ്പ്രദായം॥

വളരെ പൗരാണികമായ സംപ്രദായ ശാഖ ആകുന്നു കാശ്മീർ ക്രമ കാളി സമ്പ്രദായം. കാശ്മീർ ത്രിക ശൈവ പാരമ്പര്യത്തിൽ നില കൊള്ളുന്ന വളരെ ആധികാരികത ഉള്ള കാളീ സമ്പ്രദായം ആകുന്നു ക്രമ കാളി സംപ്രദായം എന്ന് പറയുന്നത്. ശൈവ ശാക്ത ദർശനങ്ങളെ പിന്തുടരുന്ന ഈ കാളി ക്രമം തന്നെ ആണ് കേരളത്തിൽ വടക്കേ മലബാറിൽ ആരാധിക്കപ്പെടുന്ന ഉഗ്ര ചണ്ഡേശ്വരി ഭാവത്തിൽ ശാക്ത ക്ഷേത്രങ്ങളിൽ ആരാധിക്കുന്ന മഹാർത്ഥ പദ്ധതിയും. മനുഷ്യ ബോധ തലങ്ങളെ ഉപായങ്ങളിലൂടെ ഉയർത്തി ശിവ ബോധത്തിൽ ലയിപ്പിക്കുന്ന പരമമായ സാധനകൾ കോർത്തിണക്കി രചിക്കപ്പെട്ട ഒരു ബൃഹദ് സമ്പ്രദായം ആകുന്നു കാശ്മീർ ശൈവ അഥവാ ക്രമ കാളി സംപ്രദായം. വളരെ പഴക്കം ചെന്ന സംപ്രദായങ്ങൾ ആണെങ്കിലും ഈ പാരമ്പര്യം എന്ന് ആരംഭിച്ചു ആരാണ് ആരംഭിച്ചത് തുടങ്ങിയ വിഷയങ്ങളിൽ ഇന്നും കൃത്യമായി അറിവില്ല എന്നിരുന്നാലും വാമൊഴിയായി ഇന്നും ഈ പാരമ്പര്യം നിലനിൽക്കുന്നു. ആധുനിക കാലത്തെ ക്രമത്രിക സംപ്രദായ ആചാര്യന്മാർ സിദ്ധ വാതുലനാഥ(വാതുല നാഥ സൂത്രം) അഭിനവ ഗുപ്തൻ, മഹേശ്വരാനന്ദ, ഗോരക്ഷാനന്ദ നാഥ തുടങ്ങിയവർ ആണ് ആധുനിക കാശ്മീർ ത്രിക ദർശന ആചാര്യന്മാർ. ആധുനിക കാലത്ത് അഭിനവ ഗുപ്തൻ ആണ് മൂന്നു തട്ടുകളായി ഉള്ള കുല, പ്രത്യഭിജ്ഞ,സ്പന്ദ എന്നിങ്ങനെ 3 ഘടകങ്ങൾ ആയ ഈ സംപ്രദായത്തെ അഭിനവ ഗുപ്തൻ ആണ് ഏകോപിപ്പിച്ചത്.
മൂന്നു ഉപായങ്ങളിൽ നിന്നും ശാക്തോപായ ക്രമത്തിൽ ആണ് ക്രമ ദർശനം നിലനിൽക്കുന്നത്.

||ശാക്തതന്ത്ര പഠന കളരി||

||പാഠ്യ വിഷയം||

കോഴിക്കോട് ദുർഗ്ഗോപാസന മണ്ഡലിയുടെ കീഴിൽ നടത്തുന്ന പഠനത്തിന്റെ പാഠ്യ പദ്ധതി പ്രധാനമായും 3 ഘട്ടങ്ങൾ ആയി തിരിച്ചിരിക്കുന്നു.

||ശാക്ത തന്ത്രപഠനം|| (പ്രഥമ പരിചയ)

1. കാളി വിധാനം
2. ഭുവനേശ്വരി വിധാനം
3. ഉഗ്ര ചണ്ഡേശ്വരി (ചണ്ഡ യോഗേശ്വരി) വിധാനം
4. ഭൈരവാദി പഞ്ച മൂർത്തി വിധാനം
5. ഗുളികൻ, ഭൈരവൻ, കരിനീലി, കാളി, ദുർഗ്ഗ, ഭുവനേശ്വരി, വിഷ്ണുമായ, ഗുരു തുടങ്ങിയ മൂർത്തികളുടെ പൂജ, ഉപചാരം, ഗുരുതി,ബലി, തർപ്പണം.
6. ശാക്ത ധർമ്മം
7. മൂർത്തി വിശേഷം
8. ശാക്താഭിഷേകം

||കാശ്മീർ കൗള ക്രമ സമ്പ്രദായം|| (ദ്വിതീയ പരിചയ)

1. ക്രമ ദീക്ഷ വിധാനം
2. സൃഷ്ടി കാളി വിധാനം
3. സ്ഥിതി കാളി വിധാനം
4. സംഹാര കാളി വിധാനം
5. രക്ത കാളി വിധാനം
6. സുകാളി വിധാനം
7. യമകാളി വിധാനം
8. മൃത്യുകാളി വിധാനം
9. ഭദ്രകാളി വിധാനം
10. പരമാർക്ക കാളി വിധാനം
11. മാർത്താണ്ഡ കാളി വിധാനം
12. കാലാഗ്നി രുദ്ര കാളി വിധാനം
13. മഹാ കാളി വിധാനം

||ശ്രീ വിദ്യാ ശ്രീ ചക്ര ഉപാസന ക്രമം|| (തൃതീയ പരിചയ)

1. ബാലാ വിധാനം
2. ഗണപതി വിധാനം
3. ചണ്ഡികാ വിധാനം
4. പഞ്ച ദശി വിധാനം
5. വാരാഹി വിധാനം
6. ശ്യാമള വിധാനം
7. മഹാ ഷോഡശി വിധാനം
8. മഹാ കാമേശ്വര വിധാനം
9. പരാ ദീക്ഷ വിധാനം

||ഗുരുകുലം നിബന്ധനകൾ||

1. ഓരോ ഗുരു സംമ്പ്രദായങ്ങളും വ്യത്യസ്ത മാർഗ്ഗങ്ങൾ പിന്തുടരുന്നവർ ആണ് അതിനാൽ തന്നെ മറ്റൊരു സംമ്പ്രദായത്തിൽ ദീക്ഷിതൻ ആയ വ്യക്തികൾക്ക് ഗുരുകുലത്തിൽ നിന്ന് ദീക്ഷകൾ ലഭിക്കുന്നതല്ല. അത്തരം വ്യക്തികൾക്ക് ദീക്ഷ വേണമെങ്കിൽ വ്യക്തമായ കാരണം കാണിച്ചു കൊണ്ട് ദീക്ഷകൾ വാങ്ങാവുന്നതാണ്. ഉദാഹരണം പൂർണ്ണ ദീക്ഷയ്ക്ക് മുൻപ് ഗുരു സമാധി ആയാൽ, ഗുരുവിൽ നിന്ന് കൃത്യമായ പഠനം ലഭിക്കാതെ ആയാൽ തുടങ്ങിയ കാരണങ്ങൾ കാണിച്ചു കൊണ്ട് ദീക്ഷകൾ വാങ്ങാവുന്നതാണ്.

2. മറ്റൊരു സമ്പ്രദായത്തിൽ നിന്നു വന്നിട്ടുള്ള വ്യക്തികൾ ഗുരുകുലത്തിൽ വന്നു ദീക്ഷകൾ സ്വീകരിക്കുന്നതിനു മുൻപായി പൂർവ്വ ദീക്ഷാ മന്ത്രങ്ങൾ ശാസ്ത്രീയമായി ഉദ്വാസനം ചെയ്തിരിക്കണം.

3. മന്ത്രങ്ങളെ ഉദ്വസിക്കുന്നത് ശാസ്ത്രീയമായി ചെയ്യേണ്ട ഒന്നാണ് അതിനാൽ കൂടുതൽ ആയി അറിയാൻ ഗുരുകുലവുമായി ബന്ധപെടുക.

4. ദീക്ഷ വാങ്ങിയ വ്യക്തികൾ ഗുരു പൗർണ്ണമിക്ക് നിർബന്ധമായും ഗുരുകുലത്തിൽ എത്തിച്ചേർന്നിരിക്കണം.

5. ദീക്ഷകൾ വാങ്ങിയ വ്യക്തികൾ പുരശ്ചരണം ഇത്യാദി മന്ത്രോപാസന വിഷയങ്ങൾ ചെയ്തിരിക്കണം. അതിന്റെ വിധികൾ ദീക്ഷയ്ക്ക് ശേഷം ഗുരുവുമായി നേരിൽ കണ്ടു വാങ്ങേണ്ടതാകുന്നു.

6. മന്ത്രോപാസന സ്വീകരിക്കാൻ വരുന്ന വ്യക്തികൾ നിർബന്ധമായും അക്ഷര ശുദ്ധി വരുത്തേണ്ടതാകുന്നു. അല്ലാത്തപക്ഷം ഗുരുകുലത്തിൽ നിന്ന് ദീക്ഷകൾ നൽകുന്നതല്ല .

7. ഗുരുകുലത്തിൽ പൂർണ്ണമായും പാരമ്പര്യ രീതിയിൽ ഉള്ള പഠനം മാത്രമേ ഉള്ളു. അതിനാൽ ഗുരുവാക്യം മാത്രമാണ് അവസാന വാക്ക്.

8. ഗുരുകുലത്തിൽ വരുന്നവർ പ്രത്യേകം ശ്രദ്ധിക്കേണ്ടത് ഗുരുവോ ഗുരു നിർദ്ദേശിക്കുന്ന വ്യക്തികളോ അല്ലാത്തവർ പറയുന്നതോ പ്രവർത്തിക്കുന്നതോ ആയ കാര്യങ്ങൾക്ക് ഗുരുകുലം മറുപടി നൽകില്ല.

9. ഗുരുകുലത്തിൽ നിന്ന് 20 ദിവസം മുൻപേ തന്നെ ക്ലാസിന്റെ ഡേറ്റ് അറിയിക്കുന്നതാണ്. അതിനാൽ ക്ലാസുകൾ ഒരു കാരണവശാലും ഒഴിവാക്കരുത്.

10. ക്ലാസ്സിന് വരുന്നവർ നിർബന്ധമായും സിലബസ് നോട്സ്, പേന, ഡയറി എന്നിവ കൊണ്ട് വരേണ്ടതാണ്.

11. ക്ലാസ്സിന് വരുന്നവർ വെളുത്ത വസ്ത്രം, വെളുത്ത ഉത്തരീയം, പഞ്ചപാത്രം, ഉദ്ധരണി, താമ്പാളം, കുങ്കുമം, ഭസ്മം, ജപ സഞ്ചി, ജപമാല, ജപ ആസനം എന്നിവ കൊണ്ടുവരേണ്ടതാണ്.

12. മേൽ പറഞ്ഞ സാധനങ്ങൾ ലഭിക്കാതെ ഇരിക്കുകയാണെങ്കിൽ ഗുരുകുലവുമായി ബന്ധപ്പെട്ടാൽ അവ എത്തിച്ചു തരുന്നതായിരിക്കും. അതിന്റെ പണം ഗുരുകുലത്തിൽ അടയ്ക്കേണ്ടതായിരിക്കും.

13. ഗുരുകുലത്തിൽ ക്ലാസിന് വന്നാൽ അനാവശ്യമായി പുറത്ത് പോകാൻ പാടുള്ളതല്ല. ക്ലാസ്സിൽ ഉള്ള മറ്റു പഠിതാക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന രീതികളും പ്രവർത്തികളും ഉണ്ടാവാൻ പാടുള്ളതല്ല.

14. ഗുരുവിനു ദക്ഷിണ സമർപ്പിക്കേണ്ട വിധി. ഒരു താമ്പാളത്തിൽ ഒൻപത് തരത്തിലുള്ള പഴവർഗ്ഗങ്ങൾ, വെറ്റില, അടയ്ക്ക, ദക്ഷിണ, പൂണൂൽ, ദർഭ കൊണ്ടുള്ള പവിത്രം, വസ്ത്രം, സാരി, കുള ദ്രവ്യം, വിശിഷ്ട വസ്തുക്കൾ. (തന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ചു എന്തും വയ്ക്കാവുന്നതാണ് ഇവിടെ പറഞ്ഞത് കൊണ്ട് മാത്രം നിർബന്ധമായും വയ്ക്കണം എന്നില്ല.)

15. എന്ത് സംശയങ്ങൾ സാധനയിൽ ഉണ്ടെങ്കിലും അതു ഗുരുവുമായി മാത്രം സംവദിക്കുക.

16. ഗുരു, മന്ത്രം, പ്രാണൻ, ദേവത എന്നിങ്ങനെ ഉള്ള നാല് വിധത്തിലുള്ള തത്വങ്ങൾ അടങ്ങിയതാണ് ഗുരു പാരമ്പര്യം എന്നത്. അതിനാൽ ശിഷ്യത്വം സ്വീകരിക്കുന്നവർ സമ്പ്രദായ നിയമങ്ങൾ പാലിക്കുകയും; ഗുരുവിനെയും, ഗുരു പരമ്പരയെയും മനസിലാക്കുകയും അവരിൽ ഭക്തിയും വിശ്വാസവും ഉള്ളവർ മാത്രമേ ദീക്ഷ സ്വീകരിക്കാവൂ.

|| ദുർഗ്ഗോപാസന മണ്ഡലി ||
Center Space Building
#83/48, Methottuthazham (P.O.)
Kozhikode-14, Kerala-673014
Ph:-9061168668,+919745678903, 9061570696

FOLLOW US...

https://www.facebook.com/Koulatantra?mibextid=ZbWKwL
https://wa.me/c/919400823907
https://sripeetamtemple2021.blogspot.com/2023/01/blog-post_11.html
https://youtube.com/@durgopasanamandali
https://www.instagram.com/p/CnYpNNjSThS/